3/2/23

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

ഹർജി നമ്പർ **AP.No. 763(5)/20/SIC**
തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 6254/SIC-G7/2020**

**സന്നിഹിത**
**ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി: 30.12.2022**

**ശ്രീ. ബിനോയ്. കെ,**
**ദേവദാരം,**
**സുവർണ്ണ ഗാർഡൻ,**
**എസ്. എൻ. പാർക്ക്, പൂത്തോൾ. പി.ഒ,**
**തൃശ്ശൂർ – 680 004.** — **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ജില്ലാ ട്രഷറി ഓഫീസറുടെ കാര്യാലയം,**
**അയ്യന്തോൾ, തൃശ്ശൂർ – 680 003.**

**അപ്പീൽഅധികാരി,**
**ജില്ലാ ട്രഷറി ഓഫീസറുടെ കാര്യാലയം,**
**അയ്യന്തോൾ, തൃശ്ശൂർ – 680 003.** — **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 31.12.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 01.02.2019 |
| ഒന്നാംഅപ്പീൽ | 27.02.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 11.03.2019 |
| രണ്ടാംഅപ്പീൽ | 05.04.2019 |
| ഹിയറിംഗ്തീയതി | 26.10.2021 |
| എതിർകക്ഷി | ഹാജരായിരുന്നു (അപ്പീൽ അധികാരി) |
| അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു |

1. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചു. ഹിയറിംഗിൽ പങ്കെടുത്ത അപ്പീൽ ഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, അപേക്ഷയിലെ 1,2,3,4,6 ചോദ്യങ്ങൾക്ക് വിവരം നൽകിയിട്ടില്ല എന്നാണ്. ഒന്നാം എതിർകക്ഷിയ്ക്ക് പകരം ഹിയറിംഗിൽ പങ്കെടുത്ത അപ്പീൽ അധികാരി അപേക്ഷയുമായി ബന്ധപ്പെട്ട വിശദമായ മൊഴിയും റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. ഹർജിക്കാരന്റെ ഭാര്യയും ട്രഷറി ഉദ്യോഗസ്ഥയുമായ ശ്രീമതി ഗിരിജ. ഇ.എസ്സിന്റെ ജില്ലയ്ക്കകത്തുള്ള സ്ഥലമാറ്റ അപേക്ഷ പരിഗണിക്കേണ്ടത് അപ്പോയിന്റിംഗ് അതോറിറ്റിയായ ജില്ലാ ട്രഷറി ഓഫീസറാണെന്നും എന്നാൽ സ്ഥലമാറ്റ അപേക്ഷ ട്രഷറി ഡയറക്ടർക്ക് സമർപ്പിക്കേണ്ടി വന്നത് ടിയാരിയുടെ കുന്നംകുളം സബ് ട്രഷറിയിൽ നിന്നും ചാവക്കാട് സബ് ട്രഷറിയിലേയ്ക്കുള്ള സ്ഥലമാറ്റത്തിന് ഉത്തരവിട്ടത് ട്രഷറി ഡയറക്ടർ ആയതിനാൽ ആണെന്നും അപേക്ഷയിൽ ജില്ലാ ട്രഷറി ഓഫീസറുടെ അഭിപ്രായം രേഖപ്പെടുത്തി ഫോർവേർഡ് ചെയ്യുകമാത്രമാണ് ചെയ്തതെന്നും പ്രസ്തുത ആമുഖ കത്തിൽ അന്നത്തെ ട്രഷറി ഓഫീസർ നടത്തിയ ഒരു പരാമർശത്തെ വ്യാഖ്യാനിച്ച് വിവരങ്ങൾ നൽകാനാണ് അപ്പീൽഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ പ്രസ്തുത കത്തിൽ സ്പഷടീകരിക്കുകയോ വ്യാഖ്യാനിച്ച് വ്യക്തമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഹർജിക്കാരന്റെ ആവശ്യം നിറവേറ്റുവാൻ നിർവ്വാഹമില്ലെന്നും ഹർജിക്കാരന്റെ ഭാര്യ ട്രഷറി ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ ഫയൽ നോട്ടിങ്ങ്സ് രേഖപ്പെടുത്തി സുക്ഷിച്ചിട്ടില്ലായെന്നും ആയത് ട്രഷറി ഡയറക്ടർക്ക് അയച്ചു നൽകി എന്നും എസ്.പി.ഐ.ഒ മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ആണ് വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതെന്നും ശ്രീമതി ഗിരിജ. ഇ.എസ്സിനെതിരെ പരാതിക്കാരിയായ പെൻഷണർ നേരിട്ട് ജില്ലാ ട്രഷറി ഓഫീസറെ കണ്ട് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും എഴുതി നൽകുകയും ചെയ്തിരുന്നു എന്നും പ്രസ്തുത പരാതിയിൻമേൽ ശ്രീമതി ഗിരിജ. ഇ.എസ്സിനോട് വിശദീകരണം ആവശ്യപ്പെടുകയും ആയത് എഴുതി നൽകിയിട്ടുള്ളതുമാണെന്നുമാണ്.

2. കൂടാതെ അപ്പീൽ ഹർജിക്കാരന്റെ ഒന്നാം അപ്പീൽ തീർപ്പാക്കികൊണ്ട് നൽകിയ കത്തിൽ അപ്പീൽ അധികാരിയുടെ ധാരണാപിശക് മൂലം രണ്ടാം അപ്പീൽ അധികാരി ട്രഷറി ഡയറക്ടർ എന്ന് രേഖപ്പെടുത്തുകയുണ്ടായിയെന്നും പ്രസ്തുത പിഴവ് മന:പൂർവ്വം സംഭവിച്ചതല്ലായെന്നും അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ

അപേക്ഷയ്ക്ക് എസ്.പി.ഐ.ഒയും അപ്പീൽ അധികാരിയും മറുപടി നൽകാതിരിക്കുകയോ മറച്ചു വയ്ക്കുകയോ ചെയ്തിട്ടില്ല എന്നും അറിയിക്കുന്നു

3. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ. ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 4 വരെയുള്ളവ വിവരാവകാശ നിയമം വകുപ്പ് 2(എഫ്) ന്റെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടതിനാൽ എസ്.പി.ഐ.ഒയുടെ മറുപടിയിൽ അപാകതയില്ലായെന്നും 5,6 ചോദ്യങ്ങളിൽ ആവശ്യപ്പെട്ട വിവരം/പകർപ്പ് എതിർകക്ഷി നൽകിയിട്ടുള്ളതായും കമ്മീഷൻ നിരീക്ഷിച്ചു. അപേക്ഷാവിഷയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ടാണ് അപ്പീൽ അധികാരി കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് അപ്പീൽ ഹർജക്കാരന് അയച്ചു നൽകിയിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി **ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി